


# സ്ത്രീശാക്തീകരണത്തിന്റെ 'തണൽ' മാതൃക

**കുടുംബത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കാൻ സ്ത്രീ കൂട്ടായ്മകൾക്ക് സഹായകമാകുന്ന പലിശരഹിത വായ്പാ സമ്പ്രദായവുമായി ഒരു അയൽക്കൂട്ടം**

**ഹഫ്സ ബിലാൽ**

ആധുനിക ജീവിതശൈലി ഏറ്റവുമധികം ബാധിച്ചത് ബന്ധങ്ങളെയാണ്. കുടുംബബന്ധങ്ങളും അയൽപക്ക സുഹൃദ്ബന്ധങ്ങളും ഇന്ന് ചാനൽ പരിപാടികളുടെ സമയത്തിനനുസരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. അയൽവാസിയുടെ നിലവിളികൾ നമ്മുടെ പുരയിടത്തിലെത്താതെ മതിലിൽ തട്ടി തടഞ്ഞുപോകുന്നു. മത-ജാതി -രാഷ്ട്രീയ സങ്കുചിത കാഴ്ചപ്പാടുകൾക്കിടയിൽനിന്ന് നമ്മുടെ പ്രവൃത്തിയും മനസ്സും പുറത്തുകടക്കാനാകാത്ത വിധം ഇടുങ്ങിയപ്പോൾ നഗരങ്ങളുടേതു മാത്രമായി കരുതിപ്പോന്ന കപടപൊതുബോധം ഗ്രാമങ്ങളെ പോലും കീഴടക്കി.

ബന്ധങ്ങളിൽ നാൾക്കുനാൾ വർധിച്ചുവരുന്ന വിടവുകൾക്കും അരുതായ്മകൾക്കുമിടയിലാണ് ജാതി-മത-രാഷ്ട്രീയ ഭേദമില്ലാതെ, ദരിദ്രനും പണക്കാരനുമെന്ന അന്തരമില്ലാതെ അയൽപക്ക ബന്ധങ്ങളിൽ പുതിയ വെളിച്ചം പകർന്ന് മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ പുതിയൊരു കൂട്ടായ്മ രൂപീകരിക്കപ്പെട്ടത്. ഇവിടെയുള്ള 10,11,12 വാർഡുകളിൽപ്പെടുന്ന മുക്കാല, എം.ജി.റോഡ്, അല്ലിപ്പറമ്പ്, കോടഞ്ചേരി എന്നിവിടങ്ങളിൽ സാമൂഹ്യസേവനം ലക്ഷ്യമാക്കി 'തണൽ' വെൽഫെയർ സൊസൈറ്റി രൂപീകരിക്കപ്പെട്ടത് 2009 ജനുവരി 23 നാണ്. പ്രാദേശിക വികസനത്തിന് എന്ത് ചെയ്യാനാകും എന്ന ആലോചനയിൽ നിന്നാണ് ഈ കൂട്ടായ്മ രൂപം കൊണ്ടത്. സാമ്പത്തിക പരാശ്രയത്വം ഇല്ലാതാക്കുക, കുടുംബശാക്തീകരണം ശക്തിപ്പെടുത്തുക എന്നതായിരുന്നു ഈ കൂട്ടായ്മയുടെ ലക്ഷ്യം. പൂർണാർത്ഥത്തിൽ തന്നെ അതു നിറവേറ്റി പ്രദേശത്തുകാർക്ക് 'തണൽ' നൽകുന്ന വടവൃക്ഷമായി ഇന്നിത് മാറിക്കൊണ്ടിരിക്കുന്നതിന്റെ ചാരിതാർത്ഥ്യത്തിലാണ് അണിയറ ശിൽപികൾ.

പ്രദേശത്തെ അഞ്ച് കോളനികളിൽ നടത്തിയ പഠനത്തിൽ, കുടുംബങ്ങളെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നതിന്റെ പ്രധാനകാരണം പലിശയാണെന്ന് കണ്ടെത്താനായി. അണ്ണാച്ചി പലിശക്കാരും നാടൻ മടിശ്ശീല ബ്ലേഡ്മുതലാളിമാരും തുടങ്ങി ബാങ്ക് വായ്പയുടെ വ്യവസ്ഥാപിത കെണികളിൽ വരെ അകപ്പെട്ടിരിക്കുന്നവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ സാമ്പത്തിക ശാക്തീകരണമാണ് പരിഹാരമെന്നും അത് സ്ത്രീകളിലൂടെ നിർവ്വഹിക്കാമെന്നും 'തണൽ' പ്രവർത്തകർ മനസ്സിലാക്കി. സാമ്പത്തിക സ്വാശ്രയത്വം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തനമായി പിന്നെ.

കൊള്ളപ്പലിശക്ക് പണം കടം കൊടുക്കുന്ന പണമിടപാടുകാർക്കെതിരെ 'തണൽ' പ്രവർത്തകർ പ്രതിരോധം തീർത്തത് പുതിയ രീതിയിലാണ്. പ്രദേശത്ത് 10 മുതൽ 30വരെ സ്ത്രീകൾ ഉൾക്കൊള്ളുന്ന അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് അതിൽ ഇടത്തരക്കാരെന്നോ സമ്പന്നരെന്നോ ഭേദമില്ലാതെ അംഗങ്ങളെ ചേർത്തുമുന്നോട്ടുപോയപ്പോൾ അയൽക്കൂട്ടബന്ധങ്ങളിൽ പുതിയ സൗഹൃദങ്ങൾ വിരിഞ്ഞു.



തുടക്കത്തിൽ അറുപതോളം അംഗങ്ങളുമായാണ് ‘തണൽ’ പ്രവർത്തനം തുടങ്ങിയത്. ഇന്നത് 21 യൂനിറ്റുകളിലൂടെ അറുനൂറോളം അംഗങ്ങളായി വളർന്നിരിക്കുന്നു. അയൽക്കൂട്ടങ്ങളിലെ സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ തണൽ പല പദ്ധതികളും ആരംഭിച്ചു.

### ലഘു നിക്ഷേപപദ്ധതി

ആഴ്ചയിൽ അംഗങ്ങൾക്ക് അവരവരുടെ കഴിവനുസരിച്ചുള്ള തുക നിക്ഷേപിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊണ്ട് ആരംഭിച്ച ഈ പദ്ധതിയിൽ പലതുള്ളി പെരുവെള്ളം പോലെ കഴിഞ്ഞ ഒരു വർഷത്തിനകം ഇവിടെയുള്ള വീട്ടമ്മമാർ സ്വരൂപിച്ചത് ഏഴ് ലക്ഷത്തോളം രൂപയാണ്.

### ഹ്രസ്വകാല വായ്പകൾ

‘തണൽ’ അയൽക്കൂട്ടം അംഗങ്ങൾക്ക് പരസ്പര ജാമ്യത്തിൽ അനുവദിക്കുന്ന വായ്പാ പദ്ധതിയാണിത്. പലിശയോ മറ്റ് കെട്ടുപാടുകളോ ഇല്ലാതെ വായ്പാ തിരിച്ചടവിന് നാലുമാസ കാലാവധി ലഭിക്കുന്നു.

### ദീർഘകാല വായ്പകൾ

അയൽക്കൂട്ടം പദ്ധതിയുടെ മറ്റൊരു നിക്ഷേപപദ്ധതിയായ ഇതിൽ കുടുംബത്തിന്റെ സുപ്രധാന ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ നിക്ഷേപ തുകയുടെ ഇരട്ടി തുക ഒരു വർഷ കാലാവധിയിൽ വായ്പ നൽകുന്നു.

### സ്വയംതൊഴിൽ വായ്പകൾ

അയൽക്കൂട്ടം അംഗങ്ങൾക്ക് താത്പര്യമുള്ള സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പയും, ആവശ്യമെങ്കിൽ പരിശീലനവും ‘തണൽ’ നൽകുന്നു. സംരംഭം തെരഞ്ഞെടുക്കാനുള്ള പൂർണ അവകാശം ഗുണഭോക്താവിനാണ്. ലാഭനഷ്ടത്തിൽ തുല്യപങ്കാളിത്തമാണ് ഉള്ളത്. തണൽ നൽകുന്ന വായ്പകളിൽ ഗുണ്ടാ-മാഫിയാ ഭീഷണികളോ ജപ്തി സമ്മർദ്ദമോ ഇല്ലാതെ തന്നെ നൂറ് ശതമാനം തിരിച്ചടവ് ഉണ്ടാകുന്നു എന്നത് ശ്രദ്ധേയമാണ്.

പലിശരഹിത വായ്പാ സമ്പ്രദായം കേരളത്തിൽ പുതിയ കാര്യമല്ല. പരമ്പരാഗത പലിശരഹിത വായ്പാസമ്പ്രദായങ്ങളിൽ ഒതുക്കപ്പെട്ടുമായിരുന്ന ഒരു പ്രവർത്തനത്തെ കാലത്തിന്റെയും പ്രദേശത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് അഴിച്ചുപണിയാനും അതിനെ പ്രയോജനപ്പെടുത്താനും കഴിഞ്ഞു എന്നിടത്താണ് ‘തണൽ’ മാതൃകയാകുന്നത്. വായ്പാ വിതരണത്തിൽ നീതി മാനദണ്ഡമാക്കുകയും പലിശ ഒഴിവാക്കുകയും ചെയ്തു. അംഗത്വം നിശ്ചിതവിഭാഗങ്ങളിൽ പരിമിതപ്പെടുത്തുകയോ അർഹിക്കുന്നവരെയും അത്യാവശ്യക്കാരെയും മാനദണ്ഡങ്ങളാൽ തരംതിരിക്കുകയോ ചെയ്തില്ല. പരമ്പരാഗത സ്വയം സഹായസംഘങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്ക് വായ്പ നൽകാറില്ല. ‘തണൽ’ അത് ചെയ്യുന്നു. നിശ്ചിതസംഖ്യ, നിശ്ചിതദിവസം എന്നീ സമ്മർദ്ദങ്ങളില്ലാതെ വായ്പാ കാലപരിധിയിൽ തിരിച്ചടവ് സാധ്യമാക്കാൻ ഗുണഭോക്താക്കൾക്ക് കഴിയുന്നുണ്ട്.

അയൽക്കൂട്ടങ്ങളിൽ തണൽ വിരിച്ച് മുന്നേറുന്ന ഇതിന്റെ പ്രവർത്തനങ്ങൾ വായ്പാവിതരണത്തിൽ മാത്രം ഒതുങ്ങുന്നില്ല. രോഗനിർണയ ക്യാമ്പ്, ജൈവ കൃഷിത്തോട്ടം, അടുക്കളത്തോട്ടം എന്നിവയും തണൽ ഏറ്റെടുത്തു നടത്തുന്നു. സ്വന്തം വീട്ടാവശ്യത്തിന് തുടങ്ങിയ അടുക്കളതോട്ടത്തിലെ പച്ചക്കറികൾ വീട്ടാവശ്യം കഴിഞ്ഞ് പ്രാദേശിക വിപണിയിലും വിൽപ്പനക്കെത്തുന്നുണ്ട്. ഗുണനിലവാരമുള്ള സോപ്പ് പൊടി സ്വന്തം വീട്ടിൽ തന്നെ നിർമിക്കുന്നു. ഒരു വർഷം പിന്നിടുമ്പോൾ പ്രദേശവാസികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് പുതിയ മാനങ്ങൾ നൽകാൻ ഒരുങ്ങുകയാണ് സംഘാടകർ. തണലിന്റെ ഓഫീസ് പ്രവർത്തനം പോലും സേവനമാകുകയാണ്. ആഴ്ചയിൽ ഒരു ദിവസം മാത്രമുള്ള ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത് വിദ്യാർത്ഥികളാണ്.

സമീപപ്രദേശങ്ങളിലുള്ള ചില പലിശരഹിത വായ്പാ സംരംഭങ്ങൾ തണൽ മാതൃകയിലേക്ക് അവരുടെ പ്രവർത്തനം മാറ്റുകയും നിത്യേനയെന്നോണം പ്രവർത്തനം പഠിക്കാൻ ആളുകൾ എത്തുകയും ചെയ്യുന്നത് ഇതിനുള്ള അംഗീകാരമാണ്. പലിശരഹിത വായ്പ എന്നത് പണം കടം കൊടുക്കുന്ന ഒരേർപ്പാട് മാത്രമല്ലെന്നും അത് നിലവിലുള്ള ചൂഷണാത്മകസാമ്പത്തിക ഘടനക്ക് ബദലാകണമെന്നും പഠിപ്പിക്കുന്ന ഈ അയൽക്കൂട്ടം പ്രദേശവാസികളുടെ പ്രതീക്ഷയും പ്രത്യാശയുമാണ്.

**നാടൻ മടിശ്ശീല ബ്ലേഡ്മുതലാളിമാരും തുടങ്ങി ബാങ്ക് വായ്പയുടെ വ്യവസ്ഥാപിത കെണികളിൽ വരെ അകപ്പെട്ടിരിക്കുന്നവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ സാമ്പത്തിക ശാക്തീകരണമാണ് പരിഹാരമെന്നും അത് സ്ത്രീകളിലൂടെ നിർവ്വഹിക്കാമെന്നും ‘തണൽ’ പ്രവർത്തകർ മനസ്സിലാക്കി. സാമ്പത്തിക സ്വാശ്രയത്വം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തനമായി പിന്നെ. കൊള്ളപ്പലിശക്ക് പണം കടം കൊടുക്കുന്ന പണമിടപാടുകാർക്കെതിരെ ‘തണൽ’ പ്രവർത്തകർ പ്രതിരോധം തീർത്തത് പുതിയ രീതിയിലാണ്.**

